# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## മെക്സിക്കോയിൽ പിശാചിന് മോശം കാലം



മെക്സിക്കോ: ഒരു രാജ്യത്തെ മുഴുവൻ ഭൂതോച്ചാടകരായ വൈദികരും മെത്രാന്മാരും കർദ്ദിനാളിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി സഭയുടെ ഔദ്യോഗികമായ ഭൂതോച്ചാടനകർമ്മം ഉപയോഗിച്ച് ആ രാജ്യത്തെ മുഴുവൻ തിന്മയുടെ സ്വാദീനങ്ങളും നിർവീര്യമാകുന്നതിനായി പ്രാർത്ഥിച്ചാൽ എന്താവും ഫലം? കേൾക്കുമ്പോൾതന്നെ വിശ്വാസികൾക്ക് ഉണർവുണ്ടാകുന്നൊരു കാര്യമാണിത്.

ഇങ്ങനെയൊരു സംഭവം നടന്നിരിക്കുന്നു. അതും ഭ്രൂണഹത്യയുടെയും മയക്കുമരുന്നിന്റെയും ജഡിക തിന്മകളുടെയും പൈശാചിക ആരാധനകളുടെയും മന്ത്രവാദത്തിന്റെയും അതിപ്രസരം പ്രകടമാക്കുന്ന മെക്സിക്കോയിൽ, ക്രിസ്തീയ വിശ്വാസത്തിന് പരമ്പരാഗതമായി വലിയ അടിവേരുള്ള ഈ രാജ്യത്ത് അടുത്തനാളുകളിൽ തിന്മ പ്രബലപ്പെട്ടുവരുന്നു എന്ന തിരിച്ചറിവിൽ നിന്നായിരുന്നു ഇത്തരമൊരു പ്രാർത്ഥനാപോരാട്ടം.

മെക്സിക്കോയിലെ സാൻ ലൂയിസ് പോട്ടോസി കത്തീഡ്രലിലാണ് വലിയ പരസ്യപ്രസ്താവനകളൊന്നും നടത്താതെ ഈ ഭൂതോച്ചാടനം നടന്നത്. കർദ്ദിനാൾ യുവാൻ സാൻടോവൽ ഇനിഗ്വേസ് ആണ് പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കിയത്. അടച്ചിട്ട കത്തീഡ്രൽ ദേവാലയത്തിൽ സഭയുടെ അധികാരത്തിന്റെയും ശക്തിയുടെയും എല്ലാ സാധ്യതകളും ഉപയോഗിച്ചായിരുന്നു ഭൂതോച്ചാടനം.

ചരിത്രത്തിലാദ്യമായിട്ടാണ് ഒരു രാജ്യത്തിനു മുഴുവനും വേണ്ടി ഭൂതോച്ചാടനകർമ്മം നിർവഹിക്കപ്പെടുന്നത്. ആർച്ച് ബിഷപ്പ് ജീസസ് കാർലോസ് കബേറോ, പ്രസിദ്ധ സ്പാനിഷ് ഭൂതോച്ചാടകൻ ഫാദർ ഹോസേ അന്റോണിയോ ഫോർത്തേയ എന്നിവരും കർദ്ദിനാളിനോട് കൈകോർത്തു. തിന്മയുടെ സ്വാധീനം ശക്തമായതിനാൽ മനുഷ്യൻ പലപ്പോഴും പാപത്തെ അതിജീവിക്കാൻ പ്രയാസപ്പെടുന്നു എന്ന കണ്ടെത്തലും പ്രസ്തുത ശുശ്രൂഷയ്ക്ക് കാരണമായി. എന്തുകൊണ്ടാണ് ഇത്തരമൊരു ചടങ്ങ് നടത്തിയതെന്ന ചോദ്യത്തിന് ഫാദർ ഫോർത്തേയ നൽകിയ ഉത്തരമിതായിരുന്നു. പാപം ഈ രാജ്യത്ത് വർദ്ധിച്ചിരിക്കുന്നു. അതിനാൽ ഇവിടെ പിശാചിന് പ്രലോഭനം എളുപ്പമാകുന്നു അങ്ങനെ തിന്മയുടെ സ്വാധീനം വർദ്ധിക്കുന്നു. പാപത്തിൽ വീണുപോയവർ കരകയറാനാവാതെ വിഷമിക്കുന്നു.

മന്ത്രവാദവും കൂടോത്രവും പൈശാചിക ആരാധനകളും വർദ്ധിച്ചുവരുന്നതും കാണുന്നു. അദ്ദേഹം കൂട്ടിച്ചേർത്തു. പെട്ടെന്ന് ഒരു ദിവസം എല്ലാ തിന്മകളും ഇവിടെ അപ്രത്യക്ഷമാകുമെന്ന് വാദിക്കുന്നില്ല. പക്ഷേ, ഈ പ്രാർത്ഥന രാജ്യത്ത് വലിയ വ്യത്യാസം ഉൺ◌ാക്കിയിരിക്കും. ഇതിന്റെ തുടർച്ചയായി പല പ്രാർത്ഥനകളും ക്രമീകരിച്ചിട്ടുമുൺ◌്. ഭൂതോച്ചാടനത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് അദ്ദേഹം പറയുന്നു.

ഇത്തരം പ്രാർത്ഥനകൾ എല്ലാ രാജ്യങ്ങളിലും നടത്തപ്പെടണം. കൂടെക്കൂടെ നടത്തപ്പെടുകയും വേണം. അങ്ങനെ തിന്മയുടെ സ്വാധീനങ്ങളെ ഫലപ്രദമായി ചെറുക്കുവാൻ മനക്ക് സാധിക്കും. ക്രിസ്തുവിന്റെ ശക്തി അപരിമേയവും അതുല്യവുമാണ്. അവിടുത്തെ രക്തം വിമോചനം നൽകാൻ പര്യാപ്തമാണ്. ഫാദർ ഫോർത്തേയ കൂട്ടിച്ചേർത്തു.